# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 5121 — 28-10-2016 ൽ മറുപടിയ്ക്ക്

### തുറമുഖം വഴി കണ്ടെയിനറുകളിൽ കൂടിയുള്ള ചരക്ക് നീക്കം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഹൈബി ഈഡൻ :<br>ശ്രീ. വി. ഡി. സതീശൻ :<br>ശ്രീ. എം. വിൻസെന്റ് :<br>ശ്രീ. വി. എസ്. ശിവകുമാർ : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ തുറമുഖങ്ങൾ വഴി കണ്ടെയിനറുകളിൽ കൂടിയുള്ള ചരക്ക് നീക്കം ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കുമോ; | (എ) സംസ്ഥാനത്തെ തെരഞ്ഞെടുത്ത ചെറുകിട തുറമുഖങ്ങൾ വഴി കണ്ടെയ്നറുകൾ കൈകാര്യം ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുന്നുണ്ട്. |
| (ബി) ഏതൊക്കെ തുറമുഖങ്ങളാണ് ഇതിനുവേണ്ടി തെരഞ്ഞെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) വിഴിഞ്ഞം, കൊല്ലം, അഴീക്കൽ, ബേപ്പൂർ എന്നീ തുറമുഖങ്ങളിലൂടെയാണ് കണ്ടെയ്നറുകൾ കൈകാര്യം ചെയ്യുന്നതിന് ഉദ്ദേശിക്കുന്നത്. |
| (സി) ഇതിനുവേണ്ടി എന്തെല്ലാം അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികൾ ഈ തുറമുഖങ്ങളിൽ ചെയ്തിട്ടുണ്ടെന്ന് വിവരിക്കുമോ ? | (സി) കൊല്ലം, അഴീക്കൽ, ബേപ്പൂർ എന്നീ തുറമുഖങ്ങളിൽ കണ്ടെയ്നറുകൾ കൈകാര്യം ചെയ്യുന്നതിനായി ക്രെയിൻ, റീച്ച് സ്റ്റാക്കർ എന്നിവ ലഭ്യമാക്കിയിട്ടുണ്ട്. കൊല്ലം തുറമുഖത്ത് കസ്റ്റംസ് ഡിപ്പാർട്ടുമെന്റിനു ഇ.ഡി.ഐ സൗകര്യം നൽകിയിട്ടുണ്ട്. കൂടാതെ വിഴിഞ്ഞം തുറമുഖത്തിന്റെ സീവേഡ് വാർഫിന്റെ നീളം കൂട്ടൽ ബേപ്പൂർ തുറമുഖത്തെ ബെർത്തിന്റെ നീളം കൂട്ടൽ, എന്നിവ വിവിധ ഘട്ടത്തിലാണ്. കൂടാതെ അഴീക്കൽ തുറമുഖ വികസനത്തിനായി 381 കോടി രൂപയുടെ പദ്ധതി രൂപരേഖ തയ്യാറാക്കിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**